പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി III

## ജലവിഭവം

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

2012 മാർച്ച് 20-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി III

**ജലവിഭവം**

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

117/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# **സബ്ജക്ട് കമ്മിറ്റി III**

ജലവിഭവം

(2011-2013)

ഘടന

ചെയർമാൻ :

ശ്രീ. പി. ജെ. ജോസഫ്,
ജലവിഭവ വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എ. എം. ആരിഫ്

,, വി. റ്റി. ബൽറാം

,, കെ. കെ. ജയചന്ദ്രൻ

,, ജി. എസ്. ജയലാൽ

,, വർക്കല കഹാർ

,, കെ. കുഞ്ഞിരാമൻ (ഉദുമ)

,, കെ. മുഹമ്മദുണ്ണി ഹാജി

,, റ്റി. എൻ. പ്രതാപൻ

,, തോമസ് ചാണ്ടി

,, തോമസ് ഉണ്ണിയാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർമാനായ ഞാൻ, 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2010 ജൂൺ 28-ാം തീയതിയിലെ 669-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം സബ്ജക്ട് കമ്മിറ്റി III-ന്റെ പരിധിയിലെ വിഷയം ജലവിഭവം മാത്രമായി പുനഃക്രമീകരിച്ചു. അതുവരെ നിലവിലുണ്ടായിരുന്ന ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച അനന്തരനടപടികൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2012 ജനുവരി 25-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
25 -1-2012.

**പി. ജെ. ജോസഫ്,**
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി III.

## റിപ്പോർട്ട്

സബ്ജക്ട് കമ്മിറ്റി III-ന്റെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ടാണിത്.

സബ്ജക്ട് കമ്മിറ്റി III-ന്റെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 3-5-2010-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 29-6-2010-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ ജലവിഭവവകുപ്പുമായി ബന്ധപ്പെട്ട 18 ശുപാർശകളാണുള്ളത്. പ്രസ്തുത ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 25-11-2010, 22-2-2011, 18-10-2011 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### സമിതിയുടെ ശുപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

ശുപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 2)

2009 ഏപ്രിൽ മാസം ഒന്നാം തീയതി നിലവിൽ വന്ന എൻ.ആർ.ഡി.ഡബ്ല്യു.പി. (National Rural Drinking Water Programme) ഗൈഡ് ലൈൻസ് പ്രകാരം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് കേന്ദ്രവും സംസ്ഥാനവും 50:50 എന്ന അനുപാതത്തിൽ ചെലവ് വഹിക്കേണ്ടതാണ്. ഇപ്പോൾ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന 81 പദ്ധതികളുടെ പൂർത്തീകരണത്തിനായി 101 കോടി രൂപ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 25 കോടി രൂപ മാത്രമാണ് ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതികളുടെ നടത്തിപ്പിലേക്കായി 70 കോടി രൂപകൂടി A.R.W.S.S.-ന്റെ സംസ്ഥാന വിഹിതമായി വാട്ടർ അതോറിറ്റിക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

#### സ്വീകരിച്ച നടപടി

A.R.W.S.S.-ൽ നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ഭരണാനുമതി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള 25 കോടി രൂപ അനുവദിച്ചുനൽകാനായിട്ടില്ല. ടി തുക അനുവദിച്ചതിനുശേഷം ആവശ്യമെങ്കിൽ അധിക തുക അനുവദിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 3)

പ്രാരംഭത്തിൽ എൽ.ഐ.സി. സഹായത്തോടെ ഏറ്റെടുത്തതും പിന്നീട് എൽ.ഐ.സി.-യുടെ സഹായത്തിന്റെ അഭാവംമൂലം പ്രവർത്തികൾ മന്ദഗതിയിലുമായിരുന്ന പല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും പുനഃപരിഷ്ക്കരിച്ച് നബാർഡിന്റെ സഹായത്തിനായി RIDF XIV-ൽ ഉൾപ്പെടുത്തി സ്പെഷ്യൽ പാക്കേജ് അസിസ്റ്റൻസ് ഫ്രം നബാർഡ് (സ്പാൻ) ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ച് പദ്ധതി കാര്യക്ഷമമാക്കു

ന്നതിനുള്ള ചില ഗ്രാമീണ പദ്ധതികളും കൂടാതെ എ.ആർ.പി./പി.എം.ജി.വൈ. സഹായത്തോടെ ഏറ്റെടുത്ത് പൂർത്തിയാക്കാൻ കഴിയാതിരുന്ന ചില പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതികളുടെ നടത്തിപ്പിലേക്കായി 2010-11-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 32 കോടി രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 268 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം സ്പാൻ പദ്ധതികൾ നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 32 കോടിക്ക് പുറമെ 167 കോടിയോളം രൂപ അധിക ധനവിനിയോഗംവഴി ലഭ്യമാക്കുകയും ഈ തുക സപ്ലിമെന്ററി ഡിമാന്റുവഴി റഗുലറൈസ് ചെയ്യുകയും ഉണ്ടായി.

ശുപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 4)

നോൺ പ്ലാൻ ഇനത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് വിവിധ ഇനങ്ങളിലുള്ള വരവ് കിഴിച്ചുള്ള റവന്യൂ ചെലവായി 575.07 കോടി രൂപയും റവന്യൂ വരവായി 340.40 കോടി രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്. ബഡ്ജറ്റിൽ ഈയിനത്തിൽ 129.72 കോടി രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളൂ. നോൺ പ്ലാൻ ഗ്രാന്റ് പരിഗണിച്ചശേഷമുള്ള റവന്യൂ കമ്മിയായ 104.95 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നോൺ പ്ലാൻ ഗ്രാന്റായി എസ്.ഡി.ജി. മുഖാന്തിരം 23-3-2011-ലെ സ.ഉ. (ആർറ്റി.) നമ്പർ 341/2011/ജവിവ പ്രകാരം 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 5)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടിൽ നിന്നും റീ അപ്രോപ്രിയേഷൻ വഴി വാട്ടർ അതോറിറ്റിക്ക് ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം ലഭ്യമാക്കേണ്ട തുക

ഒറ്റത്തവണ തീർപ്പാക്കൽപ്രകാരം ജല അതോറിറ്റിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിക്കുവാനുള്ള 250 കോടി രൂപയിൽ ആദ്യത്തെ ഗഡുവായ 50 കോടി രൂപ 2009-10 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ടതായിരുന്നുവെങ്കിലും 38 കോടി രൂപ മാത്രമേ ഈയിനത്തിൽ ലഭിച്ചിട്ടുള്ളൂ. ബാക്കി തുകയായ 212 കോടി രൂപ ഒരുമിച്ച് ലഭിക്കുകയാണെങ്കിൽ വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.ക്ക് കൊടുക്കാനായി ബാങ്കുകളിൽ നിന്നും 12% പലിശയ്ക്ക് എടുത്ത 250 കോടി രൂപ ഉടനെ നൽകി ലോൺ ബാധ്യത തീർക്കുവാനും അതുവഴി ഗവണ്മെന്റിനും അതോറിറ്റിക്കും 60 കോടി രൂപയോളം പലിശയിനത്തിൽ ലാഭിക്കുവാനും കഴിയും എന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടിന്റെ മിച്ചമുള്ള തുകയിൽ നിന്നും ധനപുനർവിനിയോഗംവഴി 212 കോടി രൂപ വാട്ടർ അതോറിറ്റിക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി അത്യന്തം മോശമായതിനാൽ റവന്യൂ കമ്മി നോൺ പ്ലാൻ ഗ്രാന്റ് ഇനത്തിൽ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കുന്നതിനായി 200 കോടി രൂപ പലിശരഹിത ഫണ്ടായി അനുവദിക്കുവാനും ടി തുക അതോറിറ്റിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വാട്ടർ ചാർജ്ജ് ഇനത്തിൽ ലഭിക്കുവാനുള്ള കുടിശ്ശികയിൽ നിന്ന് തട്ടികിഴിക്കുന്നതിനുമുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

<u>ശുപാർശ നമ്പർ 5</u> (ഖണ്ഡിക നമ്പർ 6)

വാട്ടർ അതോറിറ്റിയുടെ മുഴുവൻ പമ്പുസെറ്റുകളും മോട്ടോറുകളും പവർ ആഡിറ്റിന് വിധേയമാക്കി മാറ്റേണ്ടവ മാറ്റുവാനാവശ്യമായ 21 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വാട്ടർ അതോറിറ്റിയുടെ പമ്പുസെറ്റുകളും മോട്ടോറുകളും പുനരുദ്ധീകരിക്കുന്നതിനായി നബാർഡ് സെക്ടറൽ അലോക്കേഷൻ ആയ 32 കോടി രൂപ വിനിയോഗിക്കുന്നതിന് തീരുമാനിക്കുകയും 36 കോടി രൂപയ്ക്കുള്ള പദ്ധതി നിർദ്ദേശം നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ നമ്പർ 6</u> (ഖണ്ഡിക നമ്പർ 7)

ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായം 2215-02-105-95 ഗ്രാമീണ ശുചീകരണ സർവ്വീസുകൾ-ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ കീഴിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കും ശുചീകരണ സേനയിലെ ജീവനക്കാർക്ക് ദിവസവേതനം നൽകുന്നതിനുമായി വകകൊള്ളിച്ചിട്ടുള്ള 60,00,000 രൂപ അപര്യാപ്തമായതിനാൽ ഈയിനത്തിൽ ആവശ്യപ്പെട്ട 1,00,00,000 രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ശബരിമല ശുചീകരണ പദ്ധതിക്കുള്ള സഹായത്തിനായി 1,00,00,000 രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശുപാർശ നമ്പർ 7</u> (ഖണ്ഡിക നമ്പർ 8)

2702-02-005-81-<u>രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി</u>

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായി 110 ലക്ഷം രൂപ മാത്രമാണ് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ഈയിനത്തിൽ റിഗ്ഗുകൾ വാങ്ങുന്നതിനായി ആവശ്യമുള്ള അധികം തുക ഉചിത മാർഗ്ഗേണ കണ്ടെത്തി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് 110 ലക്ഷം രൂപ മാത്രമാണ് 2010-11 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ റിഗ്ഗുകളും മെഷീനറികളും വാങ്ങുവാനുള്ള തുക അനുവദിച്ചിരുന്നില്ല. എന്നാൽ 2010 ജൂലൈയിലെ ഉപധനാഭ്യർത്ഥനയിൽ റിഗ്ഗുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി '2702-02-005-99-19 M &E' എന്ന ശീർഷകത്തിൽ 646.61 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. തുടർന്ന് 7 റിഗ്ഗുകൾ വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകിയതിൽ 5 റിഗ്ഗുകൾ ഡിപ്പാർട്ടുമെന്റിൽ ലഭിച്ചിട്ടുണ്ട്. ബാക്കി 2 റിഗ്ഗുകൾ ഒരു മാസത്തിനകം ലഭ്യമാകുന്നതാണ്.

<u>ശുപാർശ നമ്പർ 8</u> (ഖണ്ഡിക നമ്പർ 9)

കാഞ്ഞിരപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ സി.എ.ഡി.ഡബ്ല്യു.എം. ജോലികൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക തുലോം കുറവായതിനാൽ 90 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ ലഭിച്ചപ്പോഴേക്കും ബഡ്ജറ്റിൽ നേരത്തെ നീക്കിവെച്ചിരുന്ന വിഹിതത്തിനനുസൃതമായി കാഡപദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. ബഡ്ജറ്റിൽ വിഹിതം തീരെ അപര്യാപ്തമായ ഏതാനും പ്രവർത്തികൾക്ക് റീ അപ്രോപ്രിയേഷൻ മുഖാന്തിരം 25.75 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്.

<u>ശുപാർശ നമ്പർ 9</u> (ഖണ്ഡിക നമ്പർ 10)

2705-00-101-75-<u>മൂവാറ്റുപുഴ ജലസേചന പദ്ധതി</u>

കേന്ദ്രാനുമതി ലഭിച്ച പദ്ധതി ആരംഭിക്കുന്നതിനും സി.എ.ഡി.ഡബ്ല്യു.എം.-ൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ഈ പദ്ധതി ചെലവുകൾക്ക് 2010-11 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപയായി ഉയർത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

മൂവാറ്റുപുഴ കാഡ പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റിന്റെ ഭരണാനുമതി നൽകിയത് 2010 ഡിസംബറിലാണ്. പദ്ധതിക്കുവേണ്ടി ഓഫീസുകൾ പെരുമ്പാവൂരിൽ അനുവദിച്ചത് സാമ്പത്തിക വർഷം അവസാനം മാത്രമായിരുന്നതിനാൽ സമിതിയുടെ ശുപാർശപ്രകാരമുള്ള അധിക ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

<u>ശുപാർശ നമ്പർ 10</u> (ഖണ്ഡിക നമ്പർ 11)

കല്ലട പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പദ്ധതിയിനത്തിൽ 210 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-11 വർഷത്തിലേക്കുള്ള ഫണ്ട് കൂടുതൽ ലഭ്യമാക്കുന്നതിന് ശുപാർശകൾ അറിവാകുന്നതിനകം ബഡ്ജറ്റിൽ നേരത്തെ നീക്കിവച്ചിരുന്ന വിഹിതത്തിന് അനുസൃതമായി കാഡ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. റീ അപ്രോപ്രിയേഷൻ മുഖാന്തിരം കാഞ്ഞിരപ്പുഴ (കാഡ) പദ്ധതിയുടെ മൊത്തം ബഡ്ജറ്റ് വിഹിതത്തിൽ 25.75 ലക്ഷം രൂപ അധികവും കല്ലട (കാഡ) പദ്ധതിയിൽ മൊത്തം വിഹിതത്തിൽ 55.54 ലക്ഷം രൂപ കുറവും വന്നിട്ടുണ്ട്.

ശുപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 12)

2701-02-101-99-ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി

ഈ പദ്ധതിക്കായി 2010-11-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 259.65 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈയിനത്തിൽ 1 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതിക്കായി 2010-2011 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 259.65 ലക്ഷം രൂപയിൽ 31-12-2010 വരെ 163.15 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷന് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന്റെ ഭാഗമായി 21-5-2011-ൽ കൂടിയ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 2011-12-ലെ വാർഷിക പദ്ധതിയിൽ ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതിക്കുവേണ്ടി 4.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 13)

കുറ്റ്യാടി ജലസേചന പദ്ധതിക്കായി ഈ വർഷത്തെ ബഡ്ജറ്റിൽ 240 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ ഈയിനത്തിൽ 50 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുറ്റ്യാടി ജലസേചന പദ്ധതിക്കായി അഡീഷണൽ ഓതറൈസേഷനായി 40 ലക്ഷം രൂപ അനുവദിക്കുന്നതിനായി അപേക്ഷ നൽകിയിരുന്നെങ്കിലും ആയത് അനുവദിച്ച് നൽകുകയുണ്ടായില്ല.

ശുപാർശ നമ്പർ 13 ആന്റ് 14 (ഖണ്ഡിക നമ്പർ 14 ആന്റ് 15)

4711-01-103-90-കുട്ടനാട് പാക്കേജ് ഷെയർ ഡെബിറ്റ്

കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ നിലവിലുള്ള ബണ്ടുകൾ ഉയർത്തുകയും വശങ്ങൾ ബലപ്പെടുത്തുകയും ചെയ്ത് ഭാവിയിൽ വരുന്ന വെള്ളപ്പൊക്കത്തിൽ നിന്ന് പാടശേഖരങ്ങളെ സംരക്ഷിക്കാനുള്ള ജോലികൾക്കായുള്ള ഈ പദ്ധതിക്ക് 2010-11-ലെ ബഡ്ജറ്റിൽ 3,000 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ ഈയിനത്തിൽ 70 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കുട്ടനാട് പാക്കേജിൽപ്പെട്ട 836 പ്രോജക്ടുകൾക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഈയിനത്തിൽ 200 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവർത്തികൾക്കായി 2010-11 ബഡ്ജറ്റിൽ വകയിരുത്തിയ 30 കോടി രൂപ കൂടാതെ 7-10-2010-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർറ്റി.) 4608/10/ഫിൻ. പ്രകാരം 238.80 കോടി രൂപ കൂടി 4711-10-103-90(1) Plan-voted എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ചെലവഴിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്.

ശുപാർശ നമ്പർ 15 (ഖണ്ഡിക നമ്പർ 16)

4711-01-103-93-മലബാർ ജലസേചന പാക്കേജ് (മിർപ)

മലബാർ ഭാഗത്ത് നിലവിലുള്ള ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കും പുതിയവ നിർമ്മിക്കുന്നതിനുമായി ഈ ഹെഡ്ഡിൽ വകയിരുത്തിയിട്ടുള്ള 750 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈയിനത്തിൽ 5 കോടി രൂപ കൂടി അനുവദിക്കണമന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

4711-01-103-93-മലബാർ ജലസേചന പാക്കേജ് (മിർപ)

മേൽ ശീർഷകത്തിൽ 2010-2011 ബഡ്ജറ്റിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ ആയി ആവശ്യമുള്ള തുക, കരാറുകാരുടെ ബില്ലുകൾ കൊടുത്ത് തീർക്കുന്ന മുറയ്ക്ക് അനുവദിച്ചുനൽകുന്നതാണ്.

ശുപാർശ നമ്പർ 16 (ഖണ്ഡിക നമ്പർ 17)

വെള്ളപ്പൊക്ക നിയന്ത്രണത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 750 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 5 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വെള്ളപ്പൊക്ക നിയന്ത്രണത്തിന് 2010-11 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 750 ലക്ഷം രൂപ കൂടാതെ ഉപധനാഭ്യർത്ഥനയിലൂടെ അധികം 99 ലക്ഷം രൂപ കൂടി അനുവദിക്കുകയുണ്ടായി.

ശുപാർശ നമ്പർ 17 (ഖണ്ഡിക നമ്പർ 18)

2010-11 വർഷത്തിൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള 96 പദ്ധതികളും അതോടൊപ്പം പട്ടാമ്പി വാട്ടർ സപ്ലൈ സ്കീമും നെല്ലായി കുഴുക്കല്ലൂർ വാട്ടർ സപ്ലൈ സ്കീമും പരിശോധിച്ച് 31-12-2010-ന് മുമ്പായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2010-11-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിച്ച് 96 പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കിയെങ്കിലും അവയിൽ നല്ലൊരു പങ്ക് പദ്ധതികളുടെയും വിവിധ ഘടകങ്ങൾ ടെണ്ടറിംഗ് സ്റ്റേജിലും മറ്റുമായതിനാലും ചില ഘടകങ്ങൾക്ക് ഭൂമി ലഭിക്കാനുണ്ടായിരുന്നതിനാലും പ്രസ്തുത ലിസ്റ്റ് പുതുക്കുകയും അതോറിറ്റി ബോർഡിന്റെ അംഗീകാരത്തോടെ 63 പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത ലിസ്റ്റിൽ 24 എണ്ണം 2011 മാർച്ച് മാസംവരെയുള്ള കാലയളവിൽ പൂർത്തികരിച്ചു. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. ബാക്കിയുള്ള പദ്ധതികളിൽ 18 എണ്ണം ഉദ്ദേശം 80 ശതമാനത്തിനുമുകളിൽ നിർമ്മാണ പുരോഗതി കൈവരിച്ച വയാണ്.

കോൺട്രാക്ടർമാർ ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ ടെൻണ്ടറുകൾ ഉറപ്പിക്കുന്നതിൽ വന്ന കാലതാമസം, പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ്, റെയിൽവേ എന്നിവയുമായി ബന്ധപ്പെട്ട അധികാരികളിൽ നിന്ന് അനുവാദം ലഭിക്കുന്നതിനുള്ള കാലതാമസം, 2010-11-ലെ അമിതവും കാലംതെറ്റി വന്നതുമായ മഴ തുടങ്ങിയ കാരണങ്ങളാൽ പദ്ധതി പൂർത്തീകരണം വൈകുന്നതിന് ഇടയായി.

ശുപാർശയിൽ പരാമർശിക്കുന്ന പട്ടാമ്പി വാട്ടർ സപ്ലൈ സ്കീമും, നെല്ലായി കുഴുക്കല്ലൂർ വാട്ടർ സപ്ലൈ സ്കീമും 2010-11-ൽ പൂർത്തീകരിക്കാൻ പ്രയാസമാണെന്ന് കണ്ടതിനാൽ മേൽ സൂചിപ്പിച്ച 63 സ്കീമുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇവ യഥാക്രമം 12/11-നും 3/12-നും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു :

<u>പട്ടാമ്പി കുടിവെള്ള പദ്ധതി</u>

460 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 31-3-2011 വരെ 287.51 ലക്ഷം രൂപ ചെലവായി.

പദ്ധതിയുടെ കിണർ, ഗ്യാലറി, റോ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ, 2.3 മേഖലകളിലേക്ക് വേണ്ടിയുള്ള ഉപരിതല സംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചു.

ജലശുദ്ധീകരണശാലയുടെ ടെൻണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു. (2), (3) മേഖലകളിലേക്കുള്ള വിതരണ ശൃംഖലയ്ക്ക് ഭരണാനുമതി നൽകിയശേഷം പണികൾ പൂർത്തീകരിക്കാൻ നടപടികൾ എടുത്തുവരുന്നു.

<u>നെല്ലായി-കുഴുക്കല്ലൂർ കുടിവെള്ള പദ്ധതി</u>

720 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് 31-3-2011 വരെ 138.21 ലക്ഷം രൂപ ചെലവായി.

പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ പൂർത്തീകരിച്ചു. വിതരണശൃംഖലയുടെ പണികൾ നടന്നുവരുന്നു.

ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പ്, ഉപരിതല സംഭരണി എന്നീ ഘടകങ്ങളുടെ 2010 SoR പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

LIST OF SCHEMES COMPLETED DURING 2010-11

| *Sl. No* | *Name of District* | *Name of Scheme* | *Category* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Kasargode | UWSS to Manjeswaram CT | SAARK |
| 2 | Kasargode | RWSS to Vorkady and adj. Villages Phase II | Technology Mission |
| 3 | Kasargode | RWSS to Vorkady and adj. Villages Phase I | Technology Mission |
| 4 | Kannur | WSS to Parakkamala and adjoining areas | State Plan LIC(R) |
| 5 | Kannur | RDWSS to Anjarakandy | NABARD XIV SPAN |
| 6 | Kannur | ARWSS to Keezhur Chavasserry | ARWSS |
| 7 | Kannur | Improvements to Kolacherry RDWSS-Replacing of AC pipe gravity main II (impt.) | NABARD (SPAN) |
| 8 | Kannur | Improvements to Kolacherry RDWSS-Replacing of AC pipe gravity main I (impt.) | NABARD (SPAN) |
| 9 | Kozhikode | ARWSS to Paleri Village | ARWSS |
| 10 | Kozhikode | RDWSS to Kizhakkoth Pt. | NABARD (SPAN) |
| 11 | Malappuram | RDWSS to Irimbilium and Valancherry (Kattipuruthy) (PC) | NABARD (SPAN) (Partially commissioned) |
| 12 | Malappuram | ARWSS to Angadippuram Phase I | ARWSS |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | Palakkad | WSS to Pudussery and adjoining Villages | Technology Mission |
| 14 | Palakkad | RDWSS to Koduvayoor-Pudunagaram | NABARD (SPAN) |
| 15 | Ernakulam | RDWSS to Koovappady | NABARD RIDF IX |
| 16 | Ernakulam | RWSS to Okkal | NABARD RIDF IX |
| 17 | Ernakulam | UWSS Vadakkekara CT | Completion of ongoing UWSS-Special package |
| 18 | Idukki | RWSS to Udumbanchola | NABARD RIDF IX |
| 19 | Ernakulam | RWSS to Manjalloor Panchayath | ARWSS |
| 20 | Kottayam | Improvement to Vaikom RDWSS (impt.) | NABARD (SPAN) |
| 21 | Pathanamthitta | ARWSS to Vallikkode, Koduman & Angadickal Villages | ARWSS (Partially commissioned) |
| 22 | Pathanamthitta | ARWSS to Thannithode-Laying distribution | ARWSS |
| 23 | Kollam | WSS to Perinad Panayam | State Plan |
| 24 | Thiruvananthapuram | WSS to Navaikulam and Kudavur | ARWSS (Partially commissioned) |

<u>ശുപാർശ നമ്പർ 18</u> (ഖണ്ഡിക നമ്പർ 19)

പെരിയാർ നദീതട പദ്ധതിയുടെ നവീകരണത്തിനാവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പെരിയാർ നദീതട പദ്ധതിക്കായി 2010-11 വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 2201.80 ലക്ഷം രൂപയിൽ 31-12-2010 വരെ 697.62 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 13-ാം ധനകാര്യ കമ്മീഷന് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന്റെ ഭാഗമായി 21-5-2011-ൽ കൂടിയ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച 2011-12-ലെ വാർഷിക പദ്ധതിയിൽ പെരിയാർ നദീതട പദ്ധതിക്കുവേണ്ടി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

തിരുവനന്തപുരം,
25-1-2012.

പി. ജെ. ജോസഫ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*